**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5487

**2016 നവംബർ 2-ാം തീയതി മറുപടി നൽകേണ്ടത്**

**<u>നിലമ്പൂർ മണ്ഡലത്തിലെ പദ്ധതികൾ</u>**

| ചോദ്യം<br><br>**ശ്രീ. പി.വി. അൻവർ** | | ഉത്തരം<br><br>**ഡോ. റ്റി.എം. തോമസ് ഐസക്ക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി)** |
|---|---|---|
| (എ) | നിലമ്പൂർ മണ്ഡലത്തിൽ തുക വകയിരുത്തിയിട്ടുള്ളതും എന്നാൽ ഇതുവരെയായി ആരംഭിക്കാത്തതോ പൂർത്തിയാക്കാത്തതോ ആയ പദ്ധതികളുണ്ടെങ്കിൽ അവ ഏതെന്നും എന്തുകൊണ്ടെന്നും വിശദമാക്കാമോ; | 1. നിലമ്പൂർ തേൻ മ്യൂസിയം ആരംഭിക്കുന്നതിനു വേണ്ടി 2016-17 ബജറ്റ് ഭേദഗതി പത്രികയിൽ ഒരു ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുണ്ട്.<br><br>2. 2016-17 ബജറ്റിൽ എം.എൽ.എ - എസ്.ഡി.എഫ്-ലേയ്ക്ക് ഒരു കോടി രൂപ 4250-00-800-99 എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും എഴുപത്തിയഞ്ച് ലക്ഷം രൂപ റിലീസ് ചെയ്തിട്ടുണ്ട്. പദ്ധതികൾക്കായി ശിപാർശ സമർപ്പിക്കുന്നതും ഭരണാനുമതിയും സാങ്കേതികാനുമതിയും പുറപ്പെടുവിക്കുന്നതും ബന്ധപ്പെട്ട ജില്ലാ കളക്ടർമാരാണ്.<br><br>3. 2016-17 സാമ്പത്തിക വർഷം എം.എൽ.എ-യുടെ ആസ്തിവികസന പദ്ധതിയിൻകീഴിൽ നിലമ്പൂർ മണ്ഡലത്തിലേയ്ക്കായി 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. എം.എൽ.എ ശിപാർശ ചെയ്യുന്ന പ്രവർത്തികൾക്കാണ് ധനാനുമതി നൽകുന്നത്. 2016-17 സാമ്പത്തിക വർഷം നിലമ്പൂർ നിയോജകമണ്ഡലത്തിൽ നിന്നും ഇതുവരെ ഒരു പ്രവൃത്തിയും ശിപാർശ ചെയ്തിട്ടില്ല.<br><br>മറ്റ് പദ്ധതികളെക്കുറിച്ചുള്ള വിവരം അനുബന്ധം 1-ൽ ചേർക്കുന്നു. |

| | | |
|---|---|---|
| (ബി) | നിലമ്പൂർ മണ്ഡലത്തിൽ നബാർഡ് പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികളിൽ ഇനിയും ആരംഭിക്കാത്തതോ, മുഴുവനാക്കാത്തതോ ആയ പദ്ധതികൾ ഉണ്ടെങ്കിൽ അവയുടെ വിശദവിവരം ലഭ്യമാക്കാമോ? | നിലമ്പൂർ മണ്ഡലത്തിൽ നബാർഡ് പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികളിൽ ഇനിയും ആരംഭിക്കാത്ത പ്രവൃത്തികൾ അവശേഷിക്കുന്നില്ല. നബാർഡ് ആർ.ഐ.ഡി.എഫ് XX-ൽ ഉൾപ്പെടുത്തി 800 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ച കൂട്ടപ്പാടി പാലം നിർമ്മാണം എന്ന പ്രവൃത്തി നടന്നു വരുന്നു. പ്രസ്തുത പ്രവൃത്തിയുടെ 60% പൂർത്തിയായിട്ടുണ്ട്.<br>മറ്റ് പദ്ധതികളെക്കുറിച്ചുള്ള വിവരം അനുബന്ധം 2-ൽ ചേർക്കുന്നു. |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം-1**

നിലമ്പൂർ മണ്ഡലത്തിൽ തുക വകയിരുത്തി ഇതുവരെ ആരംഭിക്കാത്ത പ്രവൃത്തികളുടെ വിവരങ്ങൾ.

| ക്രമ നം | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | മിനി സിവിൽ സ്റ്റേഷൻ, നിലമ്പൂർ | ദർഘാസ് കമ്മിറ്റി ശിപാർശ പ്രകാരം ദർഘാസ് അംഗീകരിച്ചു. സൂപ്രണ്ടിംഗ് എൻജിനീയർ, കെട്ടിടവിഭാഗം നോർത്ത് സർക്കിൾ, കോഴിക്കോട് സെലക്ഷൻ നോട്ടീസ് പുറപ്പെടുവിക്കേണ്ടതുണ്ട്. |
| 2 | വഴിക്കടവ് മാമങ്കരയിൽ ആയുർവേദ ആശുപത്രി | എക്സിക്യൂട്ടീവ് എൻജിനീയർ, പി.ഡബ്ല്യൂ.ഡി കെട്ടിടവിഭാഗം, മലപ്പുറം സെലക്ഷൻ നോട്ടീസ് പുറപ്പെടുവിച്ചു. |
| 3 | ജി.എച്ച്.എസ്.എസ് എടക്കര | സൂപ്രണ്ടിംഗ് എൻജിനീയർ, കെട്ടിടവിഭാഗം നോർത്ത് സർക്കിൾ, കോഴിക്കോട് ദർഘാസ് അംഗീകരിച്ചു. എക്സിക്യൂട്ടീവ് എൻജിനീർ, കെട്ടിടവിഭാഗം, മലപ്പുറം സെലക്ഷൻ നോട്ടീസ് പുറപ്പെടുവിക്കേണ്ടതുണ്ട്. |
| 4 | നിലമ്പൂർ കോടതി സമുച്ചയം | ഭരണാനുമതിക്കായി മതിപ്പ് തുക വിലയിരുത്തി വരുന്നു. |
| 5 | ജി.എച്ച്.എസ് മരുത | സാങ്കേതികാനുമതിക്കായി മതിപ്പ് തുകയുടെ സൂക്ഷ്മപരിശോധന നടത്തി വരുന്നു. |
| 6 | ജി.യു.പി.എസ് പുള്ളിയിൽ | ഭരണാനുമതിക്കായി ഗവണ്മെന്റിന്റെ പരിഗണനയിലാണ്. |
| 7 | ജി.എൽ.പി.എസ്, മാമങ്കര | മതിപ്പ് തുക ഭരണാനുമതിക്കായി സൂപ്രണ്ടിംഗ് എൻജിനീയർക്ക് സമർപ്പിച്ചിരിക്കുന്നു. |
| 8 | ഗവ.മാനവേദൻ വി.എച്ച്.എസ്.എസ്. | ഭരണാനുമതിക്കായി മതിപ്പ് തുക വിലയിരുത്തിവരുന്നു. |
| 9 | മുണ്ടേരി ഗവ.ട്രൈബൽ എച്ച്.എസ് | സാങ്കേതികാനുമതിക്കായി മതിപ്പ് തുകയുടെ സൂക്ഷ്മ പരിശോധന നടത്തിവരുന്നു. |
| 10 | എടക്കര കക്കാട് ആയുർവേദ ഹോസ്പിറ്റൽ | ആയുഷ് വകുപ്പിൽ നിന്നും ഭരണാനുമതി ലഭ്യമായിട്ടുണ്ട്. മതിപ്പ് തുക സമർപ്പിക്കേണ്ടതുണ്ട്. |
| 11 | നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ കരിമ്പുഴ - പാത്തിപ്പാറ - മുമ്മുള്ളി - മുതീരിറോഡ് കി.മീ. 0/000 മുതൽ 5/300 വരെയുള്ള പുനരുദ്ധാരണ പ്രവൃത്തികൾ (500 ലക്ഷം) | പ്രവൃത്തിക്ക് സ്ഥലം പൂർണ്ണമായും വിട്ടുകിട്ടുന്നതിനുള്ള തർക്കം കാരണം പ്രവൃത്തി തുടങ്ങിയിട്ടില്ല. |

| | | |
|---|---|---|
| 12 | മലപ്പുറം ജില്ലയിലെ നിലമ്പൂർ മണ്ഡലത്തിലെ പൂക്കോട്ടുംപാടം - ചെട്ടിപ്പാടം ടി.കെ.കോളനി റോഡ് ബി.എം.ബി.സി ചെയ്യലും പുനരുദ്ധാരണവും (600 ലക്ഷം) | സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് മഞ്ചേരി നിരത്ത് വിഭാഗം ഓഫീസിൽ തയ്യാറാക്കി വരുന്നു. ഉടനെ സാങ്കേതിക അനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

II. നിലമ്പൂർ മണ്ഡലത്തിൽ തുക വകയിരുത്തി പൂർത്തിയാകാത്ത (പണി നടന്നുകൊണ്ടിരിക്കുന്ന) പ്രവൃത്തികളുടെ വിവരവും നിലവിലെ സ്ഥിതിയും താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | നിലവിലെ സ്ഥിതി |
|---|---|---|
| 1 | ചാരംകുളം അംഗൻവാടി നം.79 | അടിത്തറ നിർമ്മാണം പുരോഗമിക്കുന്നു. |
| 2 | ജി.എൽ.പി.എസ്, കരുമ്പലങ്ങോട് | കരാർ ഒപ്പ് വച്ചു |
| 3 | എൽ.എ.സി-എ.ഡി.എഫ്-2013-14 - ഗവ.മാനവേദൻ എച്ച്.എസ്.എസ് നിലമ്പൂർ (ബിൽഡിംഗ് 1) കെട്ടിട നിർമ്മാണം | പ്രവൃത്തികൾ ആരംഭിച്ചു. |
| 4 | ജി.യു.പി.എസ്, പള്ളിക്കുത്ത് | മേൽത്തട്ട് നിർമ്മാണം പൂർത്തിയായി. |
| 5 | എൽ.എ.സി-എ.ഡി.എഫ്-ഗവ.മാനവേദൻ എച്ച്.എസ്.എസ് നിലമ്പൂർ (ബിൽഡിംഗ് 2) കെട്ടിട നിർമ്മാണം. | പ്രവൃത്തികൾ ആരംഭിച്ചു. |
| 6 | ജി.എൽ.പി.എസ്, ചന്തക്കുന്ന് | മേൽത്തട്ട് നിർമ്മാണം പൂർത്തിയായി |
| 7 | ജി.എച്ച്.എസ്.എസ്, കരിംപുഴ | ലിന്റിൽ, സൺഷേഡ് നിർമ്മാണം നടന്നുവരുന്നു. |
| 8 | ജി.എച്ച്.എസ്.എസ്., പൂക്കോട്ടുംപാടം | നിർമ്മാണം ആരംഭിച്ചു |
| 9 | ജി.എച്ച്.എസ്.എസ്., പൂക്കോട്ടുംപാടം (രണ്ടാം നില) | നിർമ്മാണം ആരംഭിച്ചു |

സെക്ഷൻ ഓഫീസർ

## അനുബന്ധം II

| ക്രമ നം. | പദ്ധതിയുടെ പേര് | പുരോഗതി / നിലവിലെ അവസ്ഥ |
|---|---|---|
| | **പൊതുമരാമത്ത് വകുപ്പ് (നിരത്തുകളും പാലങ്ങളും)** | |
| 1 | കുട്ടപ്പാടി പാലം നിർമ്മാണം | പ്രസ്തുത പ്രവൃത്തിയുടെ 60% പൂർത്തിയായിട്ടുണ്ട് |
| | **ഗ്രാമവികസന കമ്മീഷണറേറ്റ്** | |
| 2 | മൂച്ചിക്കൽ - ചുണ്ടക്കുന്ന് മാടമ്പം റോഡ്, ചൊക്കാടൻ പുഴയ്ക്ക് ക്രോസ് വേ നിർമ്മാണം | ഈ പ്രവൃത്തികൾ 90% പൂർത്തിയാക്കിയിട്ടുണ്ട്. |
| 3 | മഞ്ചക്കോട്-വെണ്ടോക്കുംപോറ്റി റോഡ് | പ്രവൃത്തി പുരോഗതിയിലാണ്. |
| | **പട്ടികവർഗ്ഗ വികസന വകുപ്പ്** | |
| 4 | മാഞ്ചീരികോളനി റോഡ് | പദ്ധതി ഉപേക്ഷിച്ചു. |
| 5 | ചെമ്പ്രകോളനി റോഡ് | ടെന്റർ നടപടികൾ പൂർത്തിയാക്കി അഡ്വാൻസ് തുക നൽകി, വനാവകാശനിയമ പ്രകാരം അനുമതി ഇനിയും ലഭിച്ചിട്ടില്ല. |
| 6 | ഇല്ലിക്കാട് കരിങ്കുംപടി റോഡ് | പഞ്ചായത്ത് മുമ്പ് റോഡ് നിർമ്മിച്ചതിനാൽ പദ്ധതി ഉപേക്ഷിച്ചു. |
| 7 | തുടിമുട്ടി കവളപാറ റോഡ് | 70% പ്രവൃത്തി പൂർത്തീകരിച്ചു. |
| 8 | വല്ലപ്പുഴ എസ്.റ്റി കോളനി റോഡ് | മുനിസിപ്പാലിറ്റി മുമ്പ് റോഡ് നിർമ്മിച്ചതിനാൽ പദ്ധതി ഉപേക്ഷിച്ചു. |
| 9 | മുണ്ടപ്പാടം ചാത്തൻപുതുവായ് എസ്.റ്റി കോളനി റോഡ് | 80% പ്രവൃത്തി പൂർത്തീകരിച്ചു. |
| 10 | വീരാളിമുണ്ട ഉണ്ണികുളം എസ്.റ്റി കോളനി റോഡ് | പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| 11 | നല്ലതണ്ണി എസ്.റ്റി കോളനി റോഡ് | ടെന്റർ നടപടികൾ പൂർത്തിയാക്കി. പ്രവൃത്തി തുടങ്ങിയിട്ടില്ല. |
| | **സാമൂഹ്യനീതി ഡയറക്ടറേറ്റ്** | |
| 12 | 11 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം | 9 എണ്ണത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 2 അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം പ്രാരംഭഘട്ടത്തിലാണ്. ചുങ്കത്തറ ഗ്രാമപഞ്ചായത്ത് AWC No. 20 (TS കിട്ടി), കരുളായി ഗ്രാമപഞ്ചായത്ത് AWC No. 7 (എസ്റ്റിമേറ്റ് തയ്യാറായി). |

| | | |
|---|---|---|
| | **ജലസേചനവും ഭരണവും** | |
| 13 | പോത്തുകല്ല് പഞ്ചായത്തിൽ തമ്പുരാട്ടിക്കല്ല് മുറംഇക്കിയിൽ നീർപുഴയ്ക്ക് കുറുകെ വിസിബി കം ബ്രിഡ്ജ് നിർമ്മാണം | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| 14 | ചാലിയാർ പുഴയ്ക്ക് കുറുകെ പൂക്കോട്ടുമണ്ണ റെഗുലേറ്റർ കം ബ്രിഡ്ജ് | ഒന്നാംഘട്ട പ്രവൃത്തി 99% പൂർത്തിയായി. |
| | **തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ്) വകുപ്പ്** | |
| 15 | നിലമ്പൂർ ബ്ലോക്ക് പഞ്ചായത്തിൽ വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ മഞ്ചക്കോട് വെണ്ടേക്കുംപൊട്ടി റോഡ് വർക്ക് | ഫോർമേഷൻ വർക്കുകളും ഡ്രെയിനേജ് വർക്കുകളും ഫില്ലിംഗ് വർക്കുകളും പൂർത്തീകരിച്ചിട്ടുണ്ട്. ഫില്ല് ചെയ്ത ഭാഗങ്ങളിൽ ആവശ്യമായ കൺസോളിഡേഷൻ ലഭ്യമാവുന്നതിന് ഒരു സീസൺ കഴിഞ്ഞ് ടാറിംഗ് പ്രവൃത്തികൾ ആരംഭിച്ചാൽ മതിയെന്ന എൽ.ബി.എസ്. കൺസൾട്ടൻസി വിഭാഗത്തിന്റെ പ്രത്യേക നിർദ്ദേശമുള്ളതിനാൽ കാലവർഷം കഴിഞ്ഞ് ടാറിംഗ് പ്രവൃത്തികളുമായി ബന്ധപ്പെട്ട വർക്കുകൾ പുനരാരംഭിച്ചിട്ടുമുണ്ട്. |
| | **കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ** | |
| 16 | നിലമ്പൂർ വെയർഹൗസിൽ ഗോഡൗണിന്റേയും ഓഫീസിന്റേയും പുനരുദ്ധാരണ പദ്ധതികൾ | മരാമത്ത് പണികൾ പൂർത്തീകരിച്ചു. പുനർവൈദ്യുതീകരണ പ്രവൃത്തികൾ പൂർത്തീകരിക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ